പെരിയപ്രം ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം

717 [1181] ശ്രീ. ബന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാക്കുട പഞ്ചായത്തിൽ പെരിയപ്രം പ്രദേശത്ത് പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം പണിയണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) താൽക്കാലികമായി ഇതിന്റെ പ്രവർത്തനം പ്രൈമറി ഹെൽത്ത് സബ് സെൻററിൽ തുടങ്ങുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി ഡിസ്പെൻസറിക്ക് സ്ഥലവും നിശ്ചിത മാതൃകയിലുള്ള കെട്ടിടവും ലഭ്യമാക്കേണ്ട ചുമതല ബന്ധപ്പെട്ട പഞ്ചായത്തിനാണ്. കെട്ടിടം പണിയിച്ചുതരാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം പ്രസ്തുത സബ്സെൻററിന് ഇല്ലാത്തതിനാൽ ടി ഡിസ്പെൻസറി അവിടേക്ക് മാററി പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ല.

പാലച്ചുവട് ആയുർവേദ ആശുപത്രിക്ക് പുതിയ വാർഡ്

718 [1185] ശ്രീ. ബന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിൽ പാലച്ചുവട് പ്രവർത്തിച്ചുവരുന്ന ആയുർവേദ ആശുപത്രിക്ക് പുതിയ വാർഡ് പണിയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവം ആയുർവേദ ഡിസ്പെൻസറി ഇപ്പോൾ പത്തു കിടക്കകളുള്ള ഒരു വാർഡോടുകൂടിയ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി മറെറാരു വാർഡ് പണിയുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഒറശേഖരമംഗലം ആയുർവേദ ഡിസ്പെൻസറിക്ക് കെട്ടിടം

719 [1196] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറശേഖരമംഗലം പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിക്കുവേണ്ടി മന്ദിരം നിർമ്മിക്കാൻ പഞ്ചായത്ത് ഭൂമി വിലയ്ക്കുവാങ്ങി ആയുർവേദ ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞോ ;

(സി) എങ്കിൽ എസ്റിമേറ് തുക എത്ര ;

(ഡി) ആയുർവേദാശുപത്രി മന്ദിരം കെട്ടുന്നതിനുള്ള തുക ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്ലാനും എസ്റ്റിമേറ്റും ഇപ്പോഴുമായിട്ടു വകുപ്പിൽ നിന്നും തയ്യാറാക്കി ലഭിച്ചിട്ടില്ല.

(ഡി) 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെയുള്ള പരാമർശം

720 [1198] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടതു സംബന്ധിച്ചുണ്ടായ കേസ്സിൽ അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ കേരള ഹൈക്കോടതി നടത്തിയ പരാമർശങ്ങളെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടത് സംബന്ധിച്ച്, ഹൈക്കോടതി അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ യാതൊരു പരാമർശവും നടത്തിയിട്ടില്ല.

(ബി) ഹൈക്കോടതി പരാമർശങ്ങൾ ഒന്നും നടത്തിയില്ലായെങ്കിലും ഗവൺമെന്റ് ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, ഗവൺമെന്റ് ഉത്തരവ് (ആർ. ടി.) 3540/86 ആ. കു. വ. പ്രകാരം 30-9-1986-ൽ അദ്ദേഹത്തിന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവച്ച് ഉത്തരവാകുകയും ചെയ്തു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെതിരായ കേസ്

721 [1199] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറായി ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെ നിയമിച്ചതിനെതിരെ ആരെങ്കിലും സുപ്രീം കോടതിയിൽ കേസ് കൊടുത്തിരുന്നോ ;

(ബി) എങ്കിൽ അതാരെന്നും വിധിയുടെ സാരമെന്തെന്നും വ്യക്തമാക്കാമോ ;

(സി) കോടതി വിധിയുടെ വെളിച്ചത്തിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ നടപടി

722 [1206] ശ്രീ. കെ പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഹരിജൻ-ഗിരിജൻ വർഷത്തിൽ താല്ക്കാലികമായി ജോലിക്ക് നിയമിച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഇനിയും റഗുലറൈസ് ചെയ്യാത്തതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly